LIBRARY ARCHIVES Kerala Legislative Assembly

## കൃഷി അസിസ്റ്റന്റുമാർക്ക് ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള മാനദണ്ഡം

148 (7445) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; എത്ര തസ്തികകളാണ് ഇതുവഴി നികത്തുന്നത് ; പ്രസ്തുത നിയമനത്തിന് പി.എസ്.സി. അവസാനമായി പരീക്ഷ നടത്തിയതെപ്പോൾ ; എത്രപേർ പരീക്ഷ എഴുതി ; എത്രപേർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട് ;

(ബി) ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ പലതവണ പി.എസ്.സി. മാറ്റിയതുമൂലം റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികൾ കുറയാൻ ഇടയായിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) കൃഷി വകുപ്പിലെ 85% കൃഷി ഓഫീസർമാരെ പി.എസ്.സി. മുഖേന നേരിട്ടും 13% പേരെ കൃഷി അസിസ്റ്റന്റുമാരിൽ 10 വർഷം സേവനം പൂർത്തിയാക്കിയവർക്ക് പി.എസ്.സി. നടത്തുന്ന യോഗ്യത പരീക്ഷ പാസ്സായവരിൽനിന്നും തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം നൽകിയും നിയമിക്കുന്നു. ബാക്കി 2% പേരെ കൃഷി അസിസ്റ്റന്റുമാരിൽ ബി.എസ്.സി. (കൃഷി) ബിരുദമുള്ളവരും മൂന്നുവർഷം സേവന ദൈർഘ്യമുള്ളവരുമായവരിൽനിന്നും സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി തസ്തികമാറ്റംവഴി നിയമിക്കുന്നു. 13% ക്വാട്ടയിൽ നിയമനം നൽകുന്നതിനുള്ള യോഗ്യതാ പരീക്ഷ പി.എസ്.സി. അവസാനമായി നടത്തിയത് 19-1-2013-ന് ആണ്. എത്രപേർ പരീക്ഷ എഴുതി എന്ന വിവരം പി.എസ്.സി.യിൽനിന്നും ശേഖരിച്ചുനൽകുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 5-3-2014-ലെ 27/14/ഇ.ആർ.1(1) 638/2013 EW നോട്ടിഫിക്കേഷൻ പ്രകാരം 83 പേരുടെ പട്ടികയാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

(ബി) പി.എസ്.സി.യിൽനിന്നും വിവരം ശേഖരിച്ചുനൽകുന്നതാണ്.

## കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

149 (7446) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് 4-12-2013-ൽ വകുപ്പുമന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നല്കുമോ ;

(ബി) കെയ്കോയെ കൃഷിവകുപ്പിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) കെയ്കോയുടെ പുനഃരുദ്ധാരണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് 4-12-2013-ൽ കൃഷിവകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ കൂടുതൽ ചർച്ചകൾക്കായി ഒരു യോഗം വിളിച്ചുകൂട്ടാൻ തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത യോഗം കൂടാൻ കഴിഞ്ഞിട്ടില്ല.

(ബി&സി) സർക്കാർ പരിശോധിച്ചുവരുന്നു.

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ജീവനക്കാര്യം**

150 (7447) ശ്രീ. പി. കെ. ഗുരുദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിലവിലുള്ള ജീവനക്കാർ എത്രയെന്നറിയിക്കുമോ ;

(ബി) നിലവിലെ ഒഴിവുകൾ സംബന്ധിച്ച വിവരം നൽകുമോ ; ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) പുതിയതായി തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) സർക്കാർ പ്രഖ്യാപിക്കുന്ന ഡി.എ. കോർപ്പറേഷനിലെ ജീവനക്കാർക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിലവിൽ 70 സ്ഥിര ജീവനക്കാർ നിലവിലുണ്ട്.

(ബി) ഡെപ്യൂട്ടി മാനേജർ (എഫ്.സി.) തസ്തികയിലേക്ക് നിലവിൽ ഒരൊഴിവുണ്ട്. ഈ ഒഴിവ് നികത്തുന്നത് ഫീഡർ കാറ്റഗറിയിൽനിന്നും പ്രൊമോഷൻ നൽകിക്കൊണ്ടാണ്.

(സി) അസിസ്റ്റന്റ് എഞ്ചിനീയർ, ഓഫീസ് അസിസ്റ്റന്റ്, ജീപ്പ് ഡ്രൈവർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) സർക്കാർ പ്രഖ്യാപിക്കുന്ന ഡി.എ. കോർപ്പറേഷനിലെ ജീവനക്കാർക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി അതാതു സമയങ്ങളിൽ കോർപ്പറേഷന്റെ ബോർഡ് കൂടിയാണ് തീരുമാനിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly